ഉത്തരം

(എ) പേപ്പർ ലോട്ടറി നിയമവിധേയമാക്കിയതിനുശേഷം സംസ്ഥാനത്ത് സിക്കിം, ഭൂട്ടാൻ എന്നീ ഗവൺമെന്റുകളുടെ പേപ്പർ ലോട്ടറികൾ വിറ്റഴിക്കുന്നുണ്ട്.

(ബി) ലംഘിക്കുന്നതായി അറിവില്ല.

(സി) (ബി)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അന്യ സംസ്ഥാന പേപ്പർ ലോട്ടറികൾ

36 [1866] *ശ്രീ. ബി. വിജയകുമാർ:*

ശ്രീമതി മേഴ്സി രവി:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. സി. ജോസഫ്:

,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അന്യ സംസ്ഥാന ലോട്ടറികൾ നിത്യവും നറുക്കെടുപ്പ് നടത്തുന്നുണ്ട്;

(ബി) ഇത് നിയമാനുസൃതമാണോ; എങ്കിൽ അതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അന്യസംസ്ഥാനങ്ങളുടെ പേരിൽ സംസ്ഥാനത്ത് അച്ചടിക്കുന്നതും അവയുടെ നറുക്കെടുപ്പ് നടത്തുന്നതും അവയ്ക്ക് സമ്മാനം നൽകുന്നതും ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റുകൾതന്നെയാണോ; അല്ലെങ്കിൽ അത് ലോട്ടറി നിയമത്തിന്റെ ലംഘനം ആകുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടിയെടുത്തുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സിക്കിം, ഭൂട്ടാൻ എന്നീ ഗവൺമെന്റുകളുടെ വിവിധ പേരുകളിലുള്ള (ആഴ്ചതോറുമുള്ള) ലോട്ടറികൾ നിത്യവും നറുക്കെടുപ്പ് നടത്തുന്നുണ്ട്.

(ബി) 2005-ലെ പേപ്പർ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ട് 10-ാം വകുപ്പ് പ്രകാരം പ്രൊമോട്ടർമാർ ഓരോ പ്രാവശ്യവും ഒരു മാസത്തേക്ക് നികുതി മുൻകൂർ അടയ്ക്കണമെന്നാണ് വ്യവസ്ഥ. നിയമാനുസൃതമായി നടത്തുന്ന അന്യസംസ്ഥാന പേപ്പർ ലോട്ടറികൾ മുൻകൂർ നികുതി അടച്ചാണ് ലോട്ടറി വിൽപ്പനയും നടത്തുന്നത്. ലോട്ടറി നിയമപ്രകാരം വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർമാർ സിക്കിം, ഭൂട്ടാൻ ഗവൺമെന്റുകളുടെ പ്രൊമോട്ടർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ നൽകുകയും 10-ാം വകുപ്പ് പ്രകാരം മുൻകൂർ നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്.

(സി) അന്യസംസ്ഥാനങ്ങളുടെ പേരിൽ നികുതി അടച്ച് സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ടിക്കറ്റുകൾ അച്ചടിക്കുന്നതും അവയുടെ നറുക്കെടുപ്പ് നടത്തുന്നതും സമ്മാനം നൽകുന്നതും ബന്ധപ്പെട്ട ഗവൺമെന്റുകൾതന്നെയാണ്. ഇപ്പോൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നത് സിക്കിം, ഭൂട്ടാൻ ഗവൺമെന്റുകളുടെ ലോട്ടറി ടിക്കറ്റുകളാണ്. ഇത്തരം ടിക്കറ്റുകൾ അതാതു സർക്കാരുകളുടെ സെക്യൂരിറ്റി പ്രസ്സിൽ സർക്കാരിന്റെ ലോഗോവച്ച് പ്രിന്റ് ചെയ്ത് ഏജന്റുമാർവഴി വിറ്റഴിക്കുന്നു. ഇപ്രകാരം നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന 1998-ലെ ലോട്ടറീസ് (റഗുലേഷൻ) ആക്ട് എന്ന കേന്ദ്ര നിയമത്തിന്റെ 4-ാം വകുപ്പ് (ബി), (സി) ഉപവകുപ്പുകൾ പ്രകാരം നിയമാനുസൃതമാണ്.

വ്യാജലോട്ടറികൾ തടയാൻ സെയിൽസ് ടാക്സ് വകുപ്പിന് സ്വീകരിക്കാവുന്ന നടപടികൾ

37 [1867] *ശ്രീമതി മേഴ്സി രവി:*

ശ്രീ. എം. മുരളി:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ബി. വിജയകുമാർ:

,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് പേപ്പർ ലോട്ടറി വില്ക്കുന്നതിനെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ലോട്ടറീസ് വകുപ്പിനുണ്ടോ;

(ബി) സെയിൽസ് ടാക്സ് വകുപ്പിന് ഇക്കാര്യത്തിൽ എന്തെല്ലാം അധികാരങ്ങളാണ് ഉള്ളത്;

(സി) നിയമനിർമ്മാണം മുഖേന പേപ്പർ ലോട്ടറി നിയമവിധേയമാക്കിയതിനു ശേഷം സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള വ്യാജലോട്ടറി ടിക്കറ്റ് വിറ്റിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2005-ലെ പേപ്പർ ലോട്ടറികളിൻമേലുള്ള കേരള നികുതി ആക്ടിന്റെ 20-ാം വകുപ്പനുസരിച്ച് രേഖകൾ ഹാജരാക്കുന്നതിന് വേണ്ടിവന്നാൽ പ്രൊമോട്ടർമാർ ലോട്ടറി വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളിൽ പ്രവേശിച്ച് റെയ്ഡുകൾ നടത്തുന്നതിനും വ്യാപാരസംബന്ധമായ രേഖകൾ, അക്കൗണ്ടുകൾ, രജിസ്റ്ററുകൾ, പ്രമാണങ്ങൾ, ലോട്ടറി

LIBRARY ARCHIVES Kerala Legislative Assembly